"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- റീബിൽഡ് കേരള ഇനീഷ്യേറ്റീവ്- പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ കോട്ടയം ജില്ലാ കളക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ആവണി. എസിനെ(PEN:942329) അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച്- ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (പിപി) വകുപ്പ്**

സ.ഉ.(സാധാ) നം.337/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.2587/2024-തസ്വഭവ തീയതി 31.12.2024
2. ശ്രീമതി.ആവണി.എസ്,ക്ലാർക്ക് , ജില്ലാ കളക്ടറേറ്റ് കോട്ടയം സമർപ്പിച്ച 16.01.2025 ലെ അപേക്ഷ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.01.2025 ലെ എൽആർ/483/2025-എൽആർ(ഇ3) നമ്പർ കത്ത്
4. പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ 17.01.2025 ലെ ഇ1/65/2020/പിഎംയുഎൽഎസ്ജിഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലുള്ള തിരുവനന്തപുരത്തെ റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഒഴിഞ്ഞു കിടക്കുന്ന ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് റവന്യൂ വകുപ്പിനു കീഴിൽ കോട്ടയം ജില്ലാ കളക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.ആവണി.എസ് പരാമർശം(2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് നിരാക്ഷേപ സാക്ഷ്യപത്രം പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മിഷണർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പി എം യു വിൽ നിലവിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിലേക്ക് ശ്രീമതി.ആവണി.എസിന് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പ്രോജക്ട് ഡയറക്ടർ, പിഎംയു പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർ ശം ( 1 ) ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ കാലാവധി 2025 ജൂൺ മാസം വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, കോട്ടയം ജില്ലാ കളക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി.ആവണി.എസിനെ (പെൻ 942329)

തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിലുള്ള റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ നിലവിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനത്തിന് ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി 2025 ജൂൺ 30 വരെ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പകർപ്പ്
ശ്രീമതി. ആവണി. എസ്, ക്ലാർക്ക്, കോട്ടയം ജില്ലാ കളക്ടറേറ്റ്
പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
ലാന്റ് റവന്യൂ കമ്മിഷണർ
പ്രോജക്ട് ഡയറക്ടർ, പിഎംയു ആർകെഐ
ആസൂത്രണ സാമ്പത്തികകാര്യ (ആർകെഐ) വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 04-02-2025 10:31:21